# 8

# "അവന്റെ വചനത്തെ ശ്രദ്ധിക്കൽ"

യേശുവിന്റെ നല്ല സ്നേഹിതനായ ലാസറും അവന്റെ സഹോദരിമാരായ മാർത്തയും, മറിയയും യെരുശലേമിനു പുറത്തുള്ള ബെഥാന്യയിലായിരുന്നു താമസിച്ചിരുന്നത്. യേശു അതുവഴി കടന്നുപോകുമ്പോൾ, അവരുടെ വീട്ടിലായിരുന്നു താമസിച്ചിരുന്നത്. അവന്റെ സന്ദർശനങ്ങളിലൊന്നിൽ, മാർത്ത അവന്റെ ശിഷ്യന്മാരേയും യേശുവിനേയും വീട്ടിലേക്ക് ക്ഷണിച്ചു (ലൂക്കൊസ് 10:38–42). യേശുവിന് പറയുവാനുള്ളത് ഒരുപക്ഷെ അവൾ കേൾക്കുവാൻ ആഗ്രഹിച്ചിരിക്കാം, എന്നാൽ യേശുവിന് കൊടുക്കേണ്ട "ഒരുക്കങ്ങളെ കുറിച്ചായിരുന്നു അവളുടെ ശ്രദ്ധ" (വാക്യം. 40).

അതിഥികൾ വരുമ്പോൾ, പുരുഷന്മാർ മാറി ഒരു മുറിയിൽ വർത്തമാനം പറയുകയും, സ്ത്രീകൾ അതിഥികൾക്ക് വേണ്ട ഭക്ഷണം തയ്യാറാക്കുകയുമാണ് പതിവ്. പുരുഷന്മാർ സംസാരിക്കുന്ന മുറിയിലേക്ക് സാധാരണ സ്ത്രീകൾ പോകാറില്ല, എന്നാൽ ഭക്ഷണസാധനങ്ങൾ എത്തിക്കുക എന്നത് അവരുടെ ജോലിയാണ്. മാർത്ത അവരുടെ ആചാരം പറയുന്നതനുസരിച്ച് ചെയ്തുകൊണ്ടിരുന്നു. നല്ല ഒരു ആതിഥേയയുടെ പങ്ക് നിർവഹിക്കുവാൻ അവൾ ആഗ്രഹിച്ചു, മറിയയും അതു ചെയ്യുമെന്നു അവൾ വിചാരിച്ചു. മാർത്ത നോക്കിയപ്പോൾ മറിയ യേശുവിന്റെ കാല്ക്കീഴ് ഇരുന്നു ശ്രദ്ധിക്കുന്നു. അവൾ പുരുഷന്റെ മുറിയിൽ ഇരിക്കുന്നതിൽ മാത്രമല്ല മാർത്തക്ക് അതിശയം തോന്നിയത്, ആഹാരം തയ്യാറാക്കുവാൻ തന്നെ സഹായിക്കുന്നുമില്ല എന്നുള്ളതായിരുന്നു അവളെ അതിശയിപ്പിച്ചത്.

മറിയയുടെ പെരുമാറ്റത്തിൽ അസന്തുഷ്ടയായ മാർത്ത യേശുവിനോട് പറഞ്ഞു, "കർത്താവേ എന്റെ സഹോദരി ശുശ്രൂഷക്ക് എന്നെ തനിച്ചു വിട്ടിരിക്കുന്നതിൽ നിനക്കു വിചാരമില്ലയോ?" (വാക്യം. 40). മാർത്ത തയ്യാറാക്കുന്ന ആഹാരത്തേക്കാൾ വലിയ ആത്മീയ ആഹാരം തനിക്കു നൽകുവാൻ ഉണ്ട് എന്നതായിരുന്നു യേശുവിന്റെ വാക്കുകളിലെ സൂചന. അവൻ മറുപടിയായി പറഞ്ഞു, "മാർത്തേ, മാർത്തേ, നീ പലതിനെച്ചൊല്ലിയും കലങ്ങിയും വിചാരപ്പെട്ടുമിരിക്കുന്നു; എന്നാൽ അല്പമേ വേണ്ടു അല്ല ഒന്നു മതി. മറിയ നല്ല അംശം തിരഞ്ഞെടുത്തിരിക്കുന്നു; അത് ആരും അവളോടു അപഹരിക്കയുമില്ല" (വാക്യങ്ങൾ. 41, 42).

മറിയ തിരഞ്ഞെടുത്ത "നല്ല അംശം" ദൈവവചനം എന്ന ആഹാരം ഭക്ഷിക്കലായിരുന്നു. മാർത്ത വിചാരപ്പെട്ടത് മോശമായിരുന്നില്ല. അവൾ ചെയ്തത് സാധാരണ പ്രതീക്ഷിക്കാവുന്നതായിരുന്നു. എങ്ങനെയായാലും മറിയ തിരഞ്ഞെടുത്തത് തികച്ചും ഉയർന്ന ഒന്നായിരുന്നു. "ദൈവവചനം ശ്രദ്ധിക്കുന്നത്" ആരും എടുത്തു കളയുകയില്ലാ എന്നാണ് യേശു പറഞ്ഞത് (വാക്യം. 39). ഭൗതീക ആഹാരത്തിന് അപ്പുറമായ ആത്മീക ആഹാരം അത് മാത്രമല്ലായിരുന്നു. കിണറ്റിനരികിലെ സ്ത്രീയെ അവൻ സന്ദർശിച്ച ശേഷം, അവന്റെ ശിഷ്യന്മാർ അവന് ഭക്ഷണത്തിനായി ചിലതു കൊണ്ടു വന്നപ്പോൾ, അവൻ പറഞ്ഞു, "നിങ്ങൾ അറിയാത്ത ഭക്ഷണം എനിക്കു കഴിക്കുവാൻ ഉണ്ട്" (യോഹന്നാൻ 4:32). പിന്നീട്, അവൻ തന്നേയും തന്റെ സന്ദേശമായ "ദൈവ

ത്തിന്റെ അപ്പം ... സ്വർഗ്ഗത്തിൽ നിന്ന് വന്നതും, ലോകത്തിന് നൽകുന്നതും" ആയി താരതമ്യം ചെയ്യുന്നു (യോഹന്നാൻ 6:33). അവൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന അപ്പം ആയിരുന്നു (യോഹന്നാൻ 6:41).

**ദൈവം ഇന്ന് സംസാരിക്കുന്നത്**

നാം ഇതുവരെ പഠിച്ച ആരാധനാ പ്രകടനങ്ങൾ മിക്കതും ആരാധകൻ ദൈവത്തോട് സംസാരിക്കുന്ന രീതികളായിരുന്നു. തീർച്ചയായും, നമ്മുടെ വൈകാരികമായ പ്രാർത്ഥനയിൽ വിഷയത്തിനുള്ള "മറുപടിയിൽ" പുകഴ്ച്ച യും, കൂട്ടായ്മയും ഉൾപ്പെടുന്നു; എന്നാൽ തിരുവെഴുത്ത് തുറന്നു വായിക്കു കയും, ഉപദേശിക്കുകയും, അല്ലെങ്കിൽ പ്രസംഗിക്കയും ചെയ്യുന്നത് ഏത് രീതിയിലായാലും ദൈവം നമ്മോട് സംസാരിക്കുന്നതാണ്.

ആരാധനയിൽ പ്രസംഗിക്കുകയോ ഉപദേശിക്കുകയോ ചെയ്യുന്ന സമയം ചുരുക്കണമെന്നുള്ള സമ്മർദ്ദം ചില സ്ഥലങ്ങളിൽനിന്നും ഉണ്ടാകുന്നുണ്ട്. പ്ര സംഗത്തിന്, പാട്ടു പാടുന്നതിനും പ്രാർത്ഥിക്കുന്നതിനും, കർത്തൃമേശ ആചരി ക്കുന്നതിനും എടുക്കുന്ന സമയം തുല്യമായിരിക്കണമെന്ന ചിന്ത യോഗ്യമായി രിക്കാം. അതേ സമയത്ത്, ആരാധകനോട് ദൈവം സംസാരിക്കുന്നതിന്റെ പ്രാ ധാന്യത്തെ ചുരുക്കാതെ ശ്രദ്ധിക്കണം. രണ്ട്-വഴിയിലുള്ള ആശയ വിനിമയം നടക്കുന്നതു വരെ ആരാധന പൂർത്തിയാകുന്നില്ല.

മോശയുടെ കാലം മുതൽ, ദൈവം തന്റെ ഇഷ്ടം മനുഷ്യർക്ക് വെളിപ്പെടു ത്തുവാൻ തിരഞ്ഞെടുത്ത രീതിയാണ് പ്രസംഗം. മോശയുടെ ന്യായപ്രമാണ പ്രസംഗ പ്രായോഗികത അവന്റെ മരണത്തിനു മുൻപ് നടന്നതായി ആവർത്തന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അവൻ ന്യായപ്രമാണം പറയുക മാത്രമായിരുന്നില്ല, എന്നാൽ അത് വിശദമാക്കി പ്രത്യേക സാഹചര്യങ്ങളിൽ അതിന്റെ വിശ്വസ്തതയേയും ബോധ്യപ്പെടുത്തി. ദൈവം പ്രവാചകന്മാരെ തന്റെ ജനത്തിനടുക്കലേക്കയച്ചു പ്രസംഗത്തിലൂടെ തന്നിലേക്ക് അവൻ ക്ഷണിക്കുകയായിരുന്നു. ന്യായപ്രമാണ വായന നിഷേധിക്കുകയും, പ്രവാ ചകന്മാരുടെ വായ് അടപ്പിക്കുകയും ചെയ്തപ്പോൾ, അവർ വിശ്വാസ ത്യാഗ വീഴ്ചയിൽ ഇരുണ്ടു പോയി. യഹൂദാ ജനത്തിന് എഴുപതു വർഷങ്ങൾ ഒരി ക്കൽ ഇരുണ്ട രാത്രികൾ പോലെയായിരുന്നു.

എഴുപതു വർഷത്തെ ബാബിലോൺ പ്രവാസത്തിനു ശേഷം, ദൈവം സെരൂബാബേലിനേയും, എസ്രായേയും, നെഹമ്യാവിനേയും എഴുന്നേൽപ്പിച്ച് തന്റെ ജനത്തെ യെരുശലേമിലേക്ക് മടക്കി വരുത്തുവാനും, ദൈവാലയം പു നർ നിർമിക്കുവാനും ദേശത്തിന്റെ ആത്മീയ ജീവിതം യഥാസ്ഥാനപ്പെടുത്തു വാനും ആവശ്യപ്പെട്ടു. പ്രവൃത്തി നിർത്തിയപ്പോൾ, ദൈവം പ്രവാചകന്മാരായ ഹഗ്ഗായിയേയും, സെഖര്യാവിനേയും അയച്ചു അവരെ പ്രവൃത്തികളിലേക്ക് തിരിച്ചു വരുവാൻ ആവശ്യപ്പെട്ടു (എസ്രാ 4:24-5:2). ദൈവ വചനത്തിലേക്ക് തിരിച്ചു വരാതെ യഥാസ്ഥാനം സംഭവിക്കുക അസാദ്ധ്യമായിരുന്നു.

അക്കാലത്ത്, എല്ലാ വീടുകളിലും എഴുതപ്പെട്ട വചനത്തിന്റെ പകർപ്പ് ഇല്ലാ യിരുന്നു. അന്ന് പകർപ്പുകൾ തയ്യാറാക്കിയത് കൈകൾ കൊണ്ടായിരുന്നു. കുറച്ചു മാത്രം ഉണ്ടായിരുന്ന കൈയെഴുത്തു പ്രതികൾ ശാസ്ത്രിമാരുടേയും മതാദ്ധ്യക്ഷന്മാരുടേയും കൈകളിലായിരുന്നു. ബാബിലോണിലായിരുന്ന പ്പോൾ ദൈവ ജനം ദീർഘകാലം വചനം കേൾക്കാതെ കഴിഞ്ഞിരുന്നു. യെരു ശലേം വാതിലുകളുടെ പണി പൂർത്തിയായപ്പോൾ, മടങ്ങിവന്ന ആളുകളോട്

കൂടിവന്ന് ന്യായപ്രമാണം വായിക്കുവാൻ ആവശ്യപ്പെട്ടു. എസ്രാ ന്യായപ്രമാണ പുസ്തകം വായിച്ചപ്പോൾ പതിമൂന്നു പുരുഷന്മാർ അത് പരിഭാഷപ്പെടുത്തി വിശദീകരിക്കുകയും, അങ്ങനെ ആളുകൾ അത് മനസിലാക്കുകയും ചെയ്തു. എസ്രാ പ്രഭാതം മുതൽ മധ്യാഹ്നം വരെ വായിക്കുകയും, ആളുകൾ ശ്രദ്ധിക്കുകയും ചെയ്തു. വചനം വായിക്കുന്നത് ആളുകൾ കേട്ടപ്പോൾ, അവർ കരഞ്ഞു. തീർച്ചയായും, ദൈവവചനം അവരുടെ ഹൃദയത്തിന് മുറിവുണ്ടാക്കുകയും, അവർ അവന്റെ ഇഷ്ടത്തോട് യോജിക്കേണ്ട ആവശ്യകത മനസിലാക്കുകയും ചെയ്തു (നെഹമ്യാവ് 8:1-9).

ദൈവത്തിന്റെ പുത്രൻ ഒരു ഉപദേഷ്ടാവായിരുന്നു എന്ന വസ്തുത ഉപദേശത്തിന്റെ പ്രാധാന്യത്തെ കാണിക്കുന്നു. അവന്റെ അപ്പോസ്തലന്മാർ ഉപദേഷ്ടാക്കന്മാർ ആയിരുന്നു. ക്രിസ്ത്യാനിത്വത്തിലേക്ക് ആദ്യമായി ആളുകൾ പരിവർത്തനം ചെയ്തത് പ്രസംഗം മുലമായിരുന്നു (പ്രവൃത്തികൾ 2). യേശുവിന്റെ അവസാനത്തെ ആജ്ഞ, പോയി ശിഷ്യന്മാരെ ഉണ്ടാക്കുവാനും, അവൻ പഠിപ്പിച്ച കല്പനകളെല്ലാം പ്രമാണിപ്പാൻ അവരെ ഉപദേശിക്കുന്നതിനുമായിരുന്നു (മത്തായി 28:18-20). "സുവിശേഷം അറിയിപ്പാനാണ്" തന്നെ അയച്ചതെന്ന് അപ്പോസ്തലനായ പൗലോസ് പറഞ്ഞു (1 കൊരിന്ത്യർ 1:17), "വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിനു പ്രസാദം തോന്നി" (1 കൊരിന്ത്യർ 1:21). സഭകൾ മുമ്പും (ഇപ്പോഴും) ആരംഭിക്കുന്നത് പ്രസംഗത്താലും ഉപദേശത്താലും അത്രേ.

സഭയെ *സന്നദ്ധമാക്കുവാൻ* ദൈവം അഞ്ച് പങ്കുകൾ നിയമിച്ചിരിക്കുന്നു (അപ്പോസ്തലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ; എഫേസ്യർ 4:11) അവരെല്ലാവരും പ്രസംഗിക്കയും ഉപദേശിക്കയും ചെയ്തിരുന്നു. പൗലോസ് തിമൊഥെയോസിനോട് "വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങിനിൽക്ക; സകലദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക" (2 തിമൊഥെയോസ് 4:2). പ്രസംഗവും ഉപദേശവും ചുരുക്കുന്നത്, ദൈവത്തെ കേൾക്കുന്നത് ചുരുക്കലാണ്.

### നമ്മുടെ പാതയെ പ്രകാശിപ്പിക്കൽ

പുതിയ നിയമം പൂർണമായും എഴുതപ്പെടുന്നതിനു മുമ്പ് വചനം പ്രസംഗിക്കേണ്ട വലിയ ആവശ്യകത ഉണ്ടായിരുന്നതായി നാം ചിന്തിച്ചേക്കാം. സഭ ശൈശവ പ്രായത്തിലായിരുന്നു, അവർ ധാരാളം പഠിക്കേണ്ടിയിരുന്നു. ദൈവശ്വാസീയരായ അപ്പോസ്തലരിൽക്കൂടെയും പ്രവാചകന്മാരിൽകൂടെയും ദൈവം തന്റെ വചനം വെളിപ്പെടുത്തി. ആളുകൾക്ക് താല്പര്യം ഉണ്ടായിരുന്നു എങ്കിലും, ദൈവത്തിന് പറയാനുള്ളത് കേൾക്കുവാൻ അവസരങ്ങൾ കുറവായിരുന്നു.

വചനം കേൾക്കേണ്ടതിന്റെ ആവശ്യം ഇന്ന് കുറവാണോ? സംസാരിച്ചതായ ദൈവവചനം ചുരുക്കുന്നത് മറ്റൊരു ഇരുണ്ട വിശ്വാസ ത്യാഗ അവസ്ഥയിലേക്ക് നയിക്കുമോ? സംസാരിച്ചതായ വചനത്തെ പരിമിതപ്പെടുത്തുന്നത് ആരാധന പുരോഗമിപ്പിക്കുമോ അഥവാ ദൈവത്തോട് അടുപ്പിക്കുമോ? ദാവീദ് പറഞ്ഞു, "നിന്റെ വചനം എന്റെ കാലിന് ദീപവും പാതക്ക് പ്രകാശവും ആകുന്നു" (സങ്കീർത്തനങ്ങൾ 119:105). ജീവിതത്തിൽകൂടെ നടക്കുന്നത് രാത്രിയിൽ ഖനിയിൽകൂടെ നടക്കുന്നത് പോലെയാണ്. ജീവിത പാതയിൽ ഇടക്ക് അടയാളങ്ങൾ കാണും, സുരക്ഷിതമായി യാത്ര ചെയ്യുവാൻ നല്ല പ്രകാശം

ആവശ്യമാണ്. മങ്ങിയ പ്രകാശത്താൽ ഖനിയിൽകൂടെ രാത്രിയിൽ നാം നടക്കുവാൻ ആഗ്രഹിക്കുമോ, അല്ലെങ്കിൽ ഒരു വെളിച്ചവും ഇല്ലാതെ? ശത്രു എനിക്കു മുമ്പിൽ വെക്കുവാനിടയുള്ള അപകടകരമായ സൂചനകൾ തിരിച്ചറിയുവാൻ സഹായിക്കുന്ന നല്ല പ്രകാശം ഞാൻ ആഗ്രഹിക്കുന്നു! അതിന് നമ്മെ ജീവിതത്തിൽ സഹായിക്കുന്നത് ദൈവത്തിന്റെ വചനമാണ്. ജീവിതത്തിൽ ആ വെളിച്ചം കുടാതെ സുരക്ഷിതമായി യാത്രചെയ്യുവാൻ ആഗ്രഹിക്കുന്നവർ അപകടകരമായ-അനാരോഗ്യം നേരിടും.

ആഫ്രിക്കയിലെ ചില ഭാഗത്ത് നല്ല വിഷമുള്ള പാമ്പാണ് അണലി. ഈ പാമ്പ് സാധാരണ പകൽ വെളിച്ചത്തിൽ പുറത്തു വരാറില്ല, രാത്രിയിലാണ് അതിന്റെ സഞ്ചാരം. ഈ ജീവി പതുക്കെ ഊതുകയും വലിയ ശ്രമം എടുത്ത് അതിന്റെ ശരീരത്തെ നീക്കുകയും ചെയ്യുന്നു; അങ്ങനെ അത് ആളുകൾ സഞ്ചരിച്ച പാതകളിലുടെ ഇഴയുന്നു. അണലി, അതിനെ ഉപദ്രവിച്ചാൽ മാത്രം വിരളമായി കടിക്കും, ചിലപ്പോൾ ആളുകൾ നടന്നു പോകുമ്പോൾ രാത്രിയിൽ കാണാത്തതിനാൽ അറിയാതെ കയറി ചവിട്ടും. അണലിയുടെ കടിയേറ്റയാൾ തൽഫലമായി മരിച്ചെന്നു വരികയില്ല, പക്ഷെ അയാളുടെ കാലോ അല്ലെങ്കിൽ പാദമോ നഷ്ടമായേക്കാം. കടിയേറ്റുണ്ടാകുന്ന മുറിവ് ഭേദമാകുവാൻ വളരെ പ്രയാസമാണ്; ശരീരത്തിലെ കടിയേറ്റ ഭാഗത്തു നിന്ന് ആ വിഷം പൂർണമായി എടുത്തു മാറ്റുവാൻ പ്രയാസമാണ്. വഴികളിൽകൂടെ നടക്കുന്നവർക്ക് രാത്രിയിൽ ടോർച്ച് (അല്ലെങ്കിൽ ചെറിയ വിളക്ക്), അതല്ലെങ്കിൽ കാഴ്ച്ചക്ക് ചന്ദ്രന്റെ പ്രകാശം ആവശ്യമാണ്. ആത്മികമായി സംസാരിക്കുമ്പോൾ, ആരാധന വിളക്കുപോലെ നമ്മെ ജ്വലിപ്പിക്കയും, നമ്മുടെ ബാറ്ററികൾ വീണ്ടും ചാർജാകയും, നമ്മുടെ വിളക്കുകൾ തെളിയുകയും ചെയ്യും. ആരാധനയിൽ വചനത്തോട് അടുക്കാതെ ഈ നേട്ടം കൈവരിക്കുവാൻ മറ്റൊന്നില്ല.

## നമ്മുടെ വാസ്തവത്തിലുള്ള സ്വഭാവം പ്രതിഫലിപ്പിക്കൽ

ദൈവവചനം വായിച്ച് വിശദമാക്കുന്നത് മടങ്ങിവന്ന യഹൂദന്മാർ ശ്രദ്ധിച്ചതിനേക്കുറിച്ച് നാം കണ്ടു കഴിഞ്ഞു (നെഹമ്യാവ് 8). അവർ കരയുകയും ചെയ്തു. വചനം കേൾക്കുമ്പോൾ എന്തുകൊണ്ട് ചിലർ കരയുന്നു എന്നും എന്തുകൊണ്ട് കരയുന്നില്ലാ എന്നും യാക്കോബ് 1:21-25 വിവരിക്കുന്നു. വചനം ഒരു കിളിവാതിലിൽകൂടെ ദൈവത്തെ കാണുവാനും, നമ്മുടെ പാതക്ക് പ്രകാശമായി തീരുവാനും കഴിയുന്നതോടൊപ്പം, അത് നമ്മുടെ സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്ന ഒരു കണ്ണാടികൂടെയാണ്. നാം "എളിമയോടെ വചനം കൈക്കൊണ്ട് അനുസരിക്കുമ്പോൾ, അത് നമ്മെ രക്ഷിക്കുന്നു," അപ്പോൾ നാം "വചനം കേൾക്കുന്നവർ മാത്രം ആകാതെ അത് ചെയ്യുന്നവരായി മാറുന്നു." നേരെ മറിച്ച്, ഒരാൾ വചനം കേൾക്കുകയും, അത് ചെയ്യാതിരിക്കുകയും ചെയ്യുമ്പോൾ, ..." അയാൾ തന്റെ മുഖം സ്വാഭാവികമായ കണ്ണാടിയിൽ നോക്കുന്നതു പോലെ ആകും," പിന്നെ അവൻ കണ്ടത് മറന്നു പോകയും ചെയ്യും (യാക്കോബ് 1:21-24). വചനം അയാളുടെ സ്വഭാവത്തെ പ്രതിഫലിപ്പിക്കുമെങ്കിലും അയാൾ അതിന് കൂടുതൽ ശ്രദ്ധ കൊടുക്കുന്നില്ല. അയാൾക്ക് തീർച്ചയില്ല, തെറ്റുകൾ തിരുത്തുവാനുള്ള തീരുമാനമില്ല, തന്റെ അവസ്ഥയെക്കുറിച്ച് ദുഃഖമോ കണ്ണുനീരോ ഇല്ല. ദൈവജനം ന്യായപ്രമാണം വായിച്ചു കേട്ടപ്പോൾ, അവർ കണ്ടത് വാസ്തവത്തിൽ അവരെത്തന്നെയായിരുന്നു, അതിനാൽ അവർ കരഞ്ഞു. അവർ ദൈവത്തിന്റെ കൽപനകളെ പ്ര

മാണിക്കാതിരുന്നതിനാലാണ് അവർക്ക് ദുഃഖം ഉണ്ടായത്.

നമ്മുടെ പാതക്ക് പ്രകാശമാനമാക്കുന്നതു തന്നെയാണ് നമ്മുടെ തെറ്റുകൾ വെളിപ്പെടുത്തുന്ന വെളിച്ചം. അതു നമ്മളിലും മുൻവഴിയിലും പ്രകാശിക്കും. നാം വെളിച്ചത്തോട് കൂടുതൽ അടുക്കുന്തോറും നമ്മിൽ കൂടുതൽ തെറ്റുകൾ വെളിപ്പെട്ടുവരും. ഒന്നുകിൽ നമുക്ക് നമ്മുടെ മുഴകളെ മറെക്കുവാൻ വെളിച്ചത്തെ ഒഴിവാക്കാം, അല്ലെങ്കിൽ അവയെ തിരിച്ചറിയുവാൻ വെളിച്ചത്തിലേക്ക് വരികയും, തിരുത്തലിന് അവയെ കർത്താവിൽ ഭരമേൽപിക്കുകയും ചെയ്യാം. ആരാധനയിലെ പ്രസംഗവും ഉപദേശവും നമ്മെ വെളിച്ചത്തിലേക്ക് വെളിപ്പെടുത്തും.

## നമ്മുടെ വിശ്വാസത്തെ വളർത്തൽ

റോമർ 10:17 പറയുന്നു, "വിശ്വാസം കേൾവിയാലും, കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു." വചനപരിജ്ഞാനത്തിൽകൂടെ മാത്രമെ ദൈവത്തിലുള്ള ശരിയായ വിശ്വാസം വരുന്നുള്ളു. പിതാവിനോടുള്ള പ്രാർത്ഥനയിൽ ശിഷ്യന്മാർക്ക് വേണ്ടി യേശു പറഞ്ഞു, "നിന്റെ വചനം സത്യമാകുന്നു" (യോഹന്നാൻ 17:17). "നീതിയുടെ വചനത്തിൽ പരിചയമില്ലാത്തവൻ" പക്വതയില്ലാത്തവനാണെന്ന് എബ്രായ ലേഖനത്തിൽ കുറ്റപ്പെടുത്തി (എബ്രായർ 5:13). ലേഖകൻ മുൻപ് പറഞ്ഞു, "അതുകൊണ്ട് നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിന്ന്, കേട്ടത് അധികം ശ്രദ്ധയോടെ കരുതിക്കൊൾവാൻ ആവശ്യമാകുന്നു" (എബ്രായർ 2:1).

തുടർച്ചയായി ദൈവവചനം പഠിച്ചില്ലെങ്കിൽ, കർത്താവിൽ വളരുവാൻ സാധ്യമല്ല. ആത്മാവിനുള്ള ആഹാരമാണ് വചനം. ആഗ്രഹിച്ച പക്വതയിലേക്ക് നമ്മെ കൊണ്ടുവരുന്നത് ദൈവപുത്രനെ കുറിച്ചുള്ള പരിജ്ഞാനമാണ്; "ക്രിസ്തുവിന്റെ സമ്പൂർണ്ണതയും പ്രായത്തിന്റെ അളവും പ്രാപിക്കുവോളം" (എഫേസ്യർ 4:13), നാം വളരണം എന്ന് പൗലൊസ് പറഞ്ഞു.

> അങ്ങനെ നാം ഇനി മനുഷ്യരുടെ ചതിയാലും ഉപായത്താലും തെറ്റിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങി പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട് ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും (എഫെസ്യർ 4:14, 15).

കർത്താവിൽ അളക്കുവാനുള്ള വലിയ വഴിയാണ് ആരാധനയിൽ വചനം കൈക്കൊള്ളൽ.

## ഉപസംഹാരം

ചിലപ്പോൾ "കൂടുതൽ സമയം ആരാധിച്ച് കുറച്ചുസമയം പ്രസംഗിക്കുവാനുള്ള" അപേക്ഷ ലഭിക്കാം. പ്രസംഗവും ഉപദേശവും ആരാധനയിൽ ഉൾപ്പെടാത്തതാണ് എന്ന സൂചനയാണ് ആ അപേക്ഷയിൽ അന്തർലീനമായിരിക്കുന്നത്. ആരാധനയുടെ സന്ദർഭത്തിൽ വേണം നാം ബൈബിൾ പ്രസംഗവും ഉപദേശവും കാണുവാൻ. വചനം വായിച്ചു പ്രഖ്യാപിക്കുമ്പോൾ, സഭായോഗത്തിന്ന് ആരാധനാ സാഹചര്യം നൽകണം. അനുതാപ ഹൃദയത്തോടുകൂടി ദൈവത്തെ ആരാധിക്കുന്നവരിൽ, വചനം പ്രസംഗിക്കുകയും

ഉപദേശിക്കുകയും ചെയ്യുന്നത് വലിയൊരു പ്രതികരണത്തിനായിരിക്കണം.

വിതെക്കുന്നവന്റെ ഉപമ യേശു പഠിപ്പിച്ചശേഷം, ചോദ്യം ചെയ്ത ശിഷ്യന്മാരോട് അവൻ പറഞ്ഞു "വിത്ത് ദൈവവചനം" (ലൂക്കൊസ് 8:11). ആ ഉപമയെ "ഹൃദയങ്ങളെ കുറിച്ചുള്ള ഉപമ" എന്നു വിളിക്കാം. യേശു വാസ്തവത്തിൽ വിത്ത് വിതെക്കുന്നതിനെ കുറിച്ചല്ല പഠിപ്പിച്ചത്. വിത്ത് സ്വീകരിക്കുവാൻ പറ്റിയ ഹൃദയങ്ങളെ കുറിച്ചാണ് ക്രിസ്തു പറഞ്ഞത്. വിത്ത് വിതെക്കുമ്പോൾ, എല്ലാ പ്രതലങ്ങളിലും വീഴും എന്നത് എല്ലാ വിധത്തിലുമുള്ള ഹൃദയങ്ങളെയാണ് സൂചിപ്പിക്കുന്നത്. *നല്ല* മണ്ണ്, അല്ലെങ്കിൽ നല്ല ഹൃദയമാണ്, വിത്ത് വിതെച്ച്, മുളെക്കുവാനും, വളർന്നു ഫലം കായ്പ്പാനും അനുവദിക്കുന്നത്. സത്യത്തിൽ ആത്മാർത്ഥതയുള്ള ആരാധകന്റെ ഹൃദയം അങ്ങനെയുള്ളതായിരിക്കും.